# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

## ഭവന സമുന്നതി അഗ്രഹാരങ്ങളുടെ പുനരുദ്ധാരണവും, അറ്റകുറ്റപ്പണികളും നിബന്ധനകളും, മാർഗ്ഗനിർദേശങ്ങളും

- അപേക്ഷകർ (ഗൃഹനാഥൻ/ഗൃഹനാഥ) കേരള സംസ്ഥാനത്തിലെ മുന്നാക്ക സമുദായ വിഭാഗത്തിൽ ഉൾപ്പെടുന്ന പാലക്കാട്, തിരുവനന്തപുരം ജില്ലകളിലുള്ള അഗ്രഹാരങ്ങളിലെ സ്ഥിരം താമസക്കാർ ആയിരിക്കണം.
- പുനരുദ്ധാരണം നടത്തേണ്ട അഗ്രഹാരങ്ങളിലെ വീടുകളുടെ ഉടമസ്ഥർ ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- ഉടമസ്ഥാവകാശം തെളിയിക്കുന്നതിലേക്കായി 2015-16 സാമ്പത്തിക വർഷത്തിലെ വീട്ടുകരം അടച്ച രസീത് ഹാജരാക്കണം.
- പുനരുദ്ധാരണത്തിന് അപേക്ഷ നൽകുന്ന വീട്ടുടമസ്ഥർ, നിലവിൽ അതാത് വീടുകളിലെ താമസക്കാരായിരിക്കണം. ഇത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
- അപേക്ഷകന്റെ/ അപേക്ഷകയുടെ **കുടുംബ വാർഷിക വരുമാനം** എല്ലാ മാർഗ്ഗങ്ങളിൽ നിന്നും രണ്ടു ലക്ഷം രൂപ കവിയാൻ പാടുള്ളതല്ല.
- അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം.
- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപ വരെയുള്ളവർക്ക് ഈ സ്കീമിൽ അപേക്ഷിക്കാം എങ്കിലും കുറഞ്ഞ വരുമാനം ഉള്ളവർക്ക് മുൻഗണന നൽകിയാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- ഒരേ വരുമാനമുള്ളവരെ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന കുടുംബങ്ങൾക്കായിരിക്കും മുൻഗണന നൽകുക. ഇത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
    1. വിധവ/അവിവാഹിത/ വിവാഹബന്ധം വേർപിരിഞ്ഞ/ ഒറ്റപ്പെട്ട സ്ത്രീകൾ ഗൃഹനാഥയായ കുടുംബം.
    2. ഭിന്നശേഷി അംഗമുള്ള കുടുംബം.
    3. മാതാപിതാക്കൾ നഷ്ടപ്പെട്ട/ മരണപ്പെട്ട കുട്ടികൾ ഉൾപ്പെട്ട കുടുംബം.
- പാലക്കാട് ,തിരുവനന്തപുരം ജില്ലകളിലെ അഗ്രഹാരങ്ങളുടെ അറ്റകുറ്റപണികളും, പുനരുദ്ധാരണവും മാത്രമാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്നത്.
- പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 50 ഗുണഭോക്താക്കളെയാണ് ലക്ഷ്യമിടുന്നത്. ചുരുക്കപട്ടികയിൽ ഉൾപ്പെട്ട അപേക്ഷകരുടെ വാസസ്ഥലം കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ സെലക്ഷൻ കമ്മിറ്റി നേരിട്ട് സന്ദർശിച്ച് പരിശോധനാവിധേയമാക്കുന്നതാണ്.

- പദ്ധതിയുടെ നോഡൽ ഏജൻസിയായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വാസസ്ഥല സന്ദർശനം നടത്തുകയും അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണം എന്നിവ സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നു. പ്രസ്തുത എസ്റ്റിമേറ്റുകൾ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ സെലക്ഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാകുകയും, അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു.
- അറ്റകുറ്റപ്പണികൾക്കായി നൽകുന്ന പരമാവധി ധനസഹായം വീടൊന്നിന് 2 ലക്ഷം രൂപയാണ്. ധനസഹായം മൂന്ന് ഘട്ടങ്ങളിലായി താഴെപ്പറയും പ്രകാരം വിതരണം ചെയ്യുന്നു.

| ഘട്ടം | നൽകുന്ന തുക | നിർമ്മാണ ഘട്ടം |
|---|---|---|
| ഒന്ന് | അംഗീകൃത എസ്റ്റിമേറ്റിന്റെ 50% | ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്ന അവസരത്തിൽ മുൻകൂറായി നൽകുന്നു. |
| രണ്ട് | അംഗീകൃത എസ്റ്റിമേറ്റിന്റെ 25% | നിർമ്മാണം പകുതി തീർന്നതായി ബന്ധപ്പെട്ട എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ ഹാജരാക്കുന്ന സമയത്ത് നൽകുന്നു. |
| മൂന്ന് | അംഗീകൃത എസ്റ്റിമേറ്റിന്റെ 25% | നിർമ്മാണം പൂർണ്ണമായി തീർന്നു എന്ന് ബന്ധപ്പെട്ട എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ (Completion Certificate)ഹാജരാക്കുന്ന സമയത്ത് നൽകുന്നു. |

- മുന്നാക്ക സമുദായ കോർപ്പറേഷൻ ഡയറക്ടർമാർ അംഗങ്ങളായുള്ള കമ്മിറ്റി നിർമ്മാണത്തിന്റെ പുരോഗതിയും, ധനവിനിയോഗവും ഓരോഘട്ടത്തിലും വിലയിരുത്തുന്നതാണ്.
- അപേക്ഷയോടൊപ്പം ചേർക്കേണ്ട രേഖകളുടെ പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.
- **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 18-02-2016.**

XXXXXXXXXXXXXXXXXXXXXX